♦ വനം വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നവർക്ക് പ്രശംസാപത്രവും ക്യാഷ് അവാർഡും നൽകുന്നുണ്ട്.

♦ അയൽ സംസ്ഥാനങ്ങളുമായുള്ള അതിർത്തിപ്രദേശങ്ങളിലെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും വൈൽഡ് ലൈഫ് വാർഡൻമാരും സംരക്ഷണ സംബന്ധമായ വിവരങ്ങൾ പരസ്പരം കൈമാറുകയും സംയുക്ത പട്രോളിംഗ് നടത്തി സംരക്ഷണ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്.

♦ ജൈവവൈവിധ്യ സംരക്ഷണം, പരിരക്ഷണം എന്നിവയുടെ ആവശ്യകതയെക്കുറിച്ച് പൊതുജനങ്ങളിൽ വേണ്ടത്ര അവബോധം സൃഷ്ടിക്കുന്നതിന് പ്രകൃതി പഠന പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ട്.

(ബി) ദേവികുളത്തെ നീലക്കുറിഞ്ഞികൾ സംരക്ഷിക്കുന്നതിനായി പ്രത്യേകം പദ്ധതികൾ ഒന്നും നടപ്പിലാക്കിയിട്ടില്ല. ഈ പ്രദേശത്തെ വനമേഖലയിലെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനായി വനാതിർത്തികളിൽ ജണ്ടയിട്ട് സംരക്ഷിച്ച് തുടർച്ചയായ നിരീക്ഷണം നടത്തി അനധികൃത ഇടപെടലുകൾ ഉണ്ടാകാതെ സംരക്ഷിച്ചു പരിപാലിച്ചു വരുന്നു. കൂടാതെ ചെക്ക് ഡാം, ഗള്ളി പ്ലഗ്ഗിംഗ് എന്നിവ നിർമ്മിച്ച് മണ്ണ്, ജലം എന്നിവ സംരക്ഷിക്കുകയും ജീവജാലങ്ങളുടെ നിലനിൽപ്പിനാവശ്യമായ ആവാസ വ്യവസ്ഥ സൃഷ്ടിക്കുകയും ചെയ്തുവരുന്നു.

(സി) കേരളത്തിൽ പരിസ്ഥിതി സംരക്ഷണത്തിന്റെ മേൽനോട്ടം ശാസ്ത്ര സാങ്കേതിക വകുപ്പിനാണ്.

വനങ്ങളുടേയും വന ആവാസവ്യവസ്ഥയുടെയും വനത്തിനു പുറത്തുള്ള കാവുകളുടെയും കണ്ടൽക്കാടുകളുടെയും പരിരക്ഷണത്തിനായി വനം വകുപ്പ് നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ എല്ലാംതന്നെ ആത്യന്തികമായി കേരളത്തിന്റെ പരിസ്ഥിതിയുടെ സമഗ്ര സംരക്ഷണത്തിന് മുതൽക്കൂട്ടാകുന്നു.

വനമേഖലയിൽ പ്ലാസ്റ്റിക് വലിച്ചെറിയുന്നതിനെതിരെ നടപടി

112 (4464) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങളിലും മറ്റു സംരക്ഷിത വന മേഖലകളിലും എത്തുന്ന സഞ്ചാരികൾ അലക്ഷ്യമായി ഉപേക്ഷിക്കുന്ന പ്ലാസ്റ്റിക് അടക്കമുള്ള വസ്തുക്കൾമൂലമുണ്ടാകുന്ന ഗുരുതരമായ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) പ്ലാസ്റ്റിക് അടക്കമുള്ള മാലിന്യങ്ങൾ ഭക്ഷിച്ച് ഏകദേശം എത്ര കാട്ടുമൃഗങ്ങൾക്ക് കഴിഞ്ഞ ആറുമാസത്തിനുള്ളിൽ മരണം സംഭവിച്ചു എന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വന ഭംഗി ആസ്വദിക്കാനെത്തുന്ന സഞ്ചാരികൾ വനത്തിനു തന്നെ ഭീഷണിയാകുന്ന അവസ്ഥയ്ക്ക് എപ്രകാരം പരിഹാരം കാണാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ;

(ഡി) അനുദിനം വർദ്ധിച്ചുവരുന്ന ഇത്തരം വിപത്തുകളെ ഫലപ്രദമായി തടയുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി മെമ്പർമാരുടെയും പ്രത്യേക പരിശീലനം നേടിയ ടൂറിസ്റ്റ് ഗൈഡുകളുടേയും സഹായത്താൽ വിനോദസഞ്ചാരികൾക്ക് പ്ലാസ്റ്റിക് പോലുള്ള പാഴ്വസ്തുക്കൾ അലക്ഷ്യമായി വലിച്ചെറിയുന്നതിനെതിരെ ബോധവൽക്കരണം നടത്തുകയും വന്യജീവി സങ്കേതങ്ങളിൽ കാണപ്പെടുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ യഥാസമയം എടുത്തുമാറ്റുകയും ചെയ്യുന്നുണ്ട്. കൂടാതെ പ്ലാസ്റ്റിക് പോലുള്ള വസ്തുക്കൾ വന്യജീവി സങ്കേതങ്ങളുടെ അകത്തേയ്ക്ക് കൊണ്ടുപോകുന്നതിന് കർശനമായ നിയന്ത്രണവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ മുഖേന സന്ദർശകർക്ക് വാഹന സൗകര്യം ഒരുക്കി ടൂറിസം സോണിൽ നിയന്ത്രണം ഏർപ്പെടുത്തിയതുവഴി പ്ലാസ്റ്റിക്കും മറ്റു വസ്തുക്കളും ദേശീയോദ്യാനങ്ങളിൽ ഉപേക്ഷിക്കുന്നത് ഫലപ്രദമായി തടയാനും കഴിഞ്ഞിട്ടുണ്ട്.

(ബി) ഇക്കാരണത്താൽ കാട്ടുമൃഗങ്ങൾക്ക് മരണം സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വനഭംഗി ആസ്വദിക്കാനെത്തുന്ന സഞ്ചാരികൾ വനത്തിന് ഭീഷണിയാകുന്ന അവസ്ഥയ്ക്ക് താഴെപ്പറയുംപ്രകാരം പരിഹാരം കാണുന്നുണ്ട്.

1. സംരക്ഷിത പ്രദേശങ്ങളിലെത്തുന്ന സഞ്ചാരികളുടെ ബോധവൽക്കരണത്തിനായി സൈൻ ബോർഡുകളും എക്കോ ടൂറിസം പോയിന്റുകളിൽ എക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ മുഖാന്തിരം ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു.

2. നേച്ചർ ക്യാമ്പുകൾ സെമിനാറുകൾ ഇ.ഡി.സി. മുഖാന്തിരമുള്ള പ്രവർത്തനങ്ങൾ എന്നിവയിലൂടെ ഇതിനെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

3. വിനോദ സഞ്ചാരികൾക്ക് നിയന്ത്രണ വിധേയമായി അനുവാദം നൽകുകയും തിരക്ക് കൂടുതലുള്ള പ്രദേശങ്ങളിൽ ചവറ്റുകൊട്ടകൾ സ്ഥാപിച്ച് പരിസര മലിനീകരണം ഫലപ്രദമായി തടയുന്നുണ്ട്.

പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് രൂപാന്തരപ്പെടുത്തി കീച്ചെയിൻ പോലുള്ള വിവിധ ഉല്പന്നങ്ങൾ ഉണ്ടാക്കി ഇ.ഡി.സി. ഷോപ്പുകൾ വഴി വിൽപ്പന നടത്തുന്നുണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly